# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 520** **10-03-2015 ലെ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ നികുതി കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് 2014 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് 2014 ഡിസംബർ 31 വരെ വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക 6841.61 കോടി രൂപയാണ്.<br><br>രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസ്സുകളിൽനിന്ന് 176.37 കോടി രൂപ നികുതി കുടിശ്ശികയുണ്ട്.<br><br>അബ്കാരി കുടിശ്ശികയിനത്തിൽ 31-12-2014 വരെ 235.26 കോടി രൂപ (മുതൽ 66.96 കോടി രൂപ + പലിശ 168.3 കോടി രൂപ) കുടിശ്ശികയുണ്ട്.<br><br>റവന്യൂ വകുപ്പിലെ വിവിധ നികുതി ഇനങ്ങളിൽ 31-12-2014 വരെ പിരിക്കാവുന്ന മുതലിൽ 36.85 കോടി രൂപ കുടിശ്ശികയായുണ്ട്. ടി നികുതിയിന ങ്ങളിലായി 89.93 കോടി രൂപ വിവിധ സ്റ്റേകളിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ 1106.09 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ 852.37 കോടി രൂപ KSRTC - യിൽനിന്നും ലഭിക്കാനുള്ളതാണ്. |

**(ബി)** ഇവ പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വാണിജ്യ നികുതി വകുപ്പിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1)** KGST പിരീയഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ആംനസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു.

**2)** നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സർക്കാർ സ്റ്റേ ഉത്തരവുകളും പിൻവലിച്ചിട്ടുണ്ട്.

**3)** നിവലിലുള്ള അപ്പീലുകളും സ്റ്റേ അപേക്ഷകളും സമയ ബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**4)** സാധാരണയായി സ്റ്റേ അനുവദിക്കുന്നതിന് നിബന്ധനയായി ഡിമാന്റിന്റെ 30% എങ്കിലും അടച്ചിരിക്കണം എന്ന മാനദണ്ഡം നടപ്പിലാക്കിവരുന്നു.

**5)** ഹൈക്കോർട്ട് സ്റ്റേയുള്ള കേസ്സുകളും ഹർജ്ജികൾ നിലവിലുള്ള കേസ്സുകളും A,B,C എന്നീ ക്ലാസ്സുകളായി തരംതിരിച്ച് അഡ്വക്കേറ്റ് ജനറലുമായി സ്റ്റേ നീക്കിക്കിട്ടുവാനും ഹർജ്ജികൾ എത്രയും പെട്ടെന്ന് തീർപ്പാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**6)** റവന്യൂ റിക്കവറി മുഖാന്തിരമുള്ള നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർമാരുടെ യോഗങ്ങൾ നടപ്പു സാമ്പത്തിക വർഷം ചേരുകയും കുടിശ്ശിക നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്ന ജില്ലയ്ക്ക് 1 കോടി രൂപയുടെ പ്രോത്സാഹന സമ്മാനം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

**7)** വാണിജ്യ നികുതി വകുപ്പിലെ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. ആയതിന്റെ പുരോഗതി എല്ലാമാസവും അവലോകനം ചെയ്തുവരുന്നു.

8) കോടതികളും അപ്പീൽ അധികാരികളും പുറപ്പെടുവിക്കുന്ന അസസ്മെന്റ് സംബന്ധിച്ച എല്ലാ മോഡിഫൈഡ്/ റിമാന്റഡ് കേസ്സുകളിന്മേലും അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാനും അത് മോണിറ്റർ ചെയ്യുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ കോടതി കേസ്സുകളിൽ നിലനൽക്കുന്ന സ്റ്റേ നീക്കംചെയ്യുവാൻവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനും ആവശ്യമായ കർശന നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർമാർക്ക് നൽകിയിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ 2014 ഒക്ടോബർ മുതൽ 2015 മാർച്ചുവരെ സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ചുകൊണ്ട് കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതി കേസ്സുകളിൽ നിലനൽക്കുന്ന സ്റ്റേ നീക്കംചെയ്യുവാൻവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനും ആവശ്യമായ കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിൽ കുടിശ്ശിക പരമാവധി പിരിച്ചെടുക്കുന്നതു ലക്ഷ്യമാക്കി സാമ്പത്തിക വർഷാവസാന മാസങ്ങളിൽ പ്രത്യേക ഊർജ്ജിത വിഭവ സമാഹരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ തീവ്രയത്ന കുടിശ്ശിക നിവാരണം എല്ലാ ബുധനാഴ്ചയും നടത്തിവരുന്നുണ്ട്.

(സി) ഓരോ വകുപ്പിലും പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക ഇനംതിരിച്ച് വിശദമാക്കുമോ ?

(സി) **വാണിജ്യനികുതി വകുപ്പ് :**

സെയിൽസ് ടാക്സ് - 3248.04 കോടി
വാറ്റ് - 3531.96 കോടി

അഗ്രികൾച്ചറൽ-ഇൻകം ടാക്സ് - 61.61 കോടി

ആകെ - 6841.61 കോടി.

**രജിസ്ട്രേഷൻ വകുപ്പ്**

(Under valuation cases) : 176.37 കോടി.

**എക്സൈസ് വകുപ്പ്**

അബ്കാരി കുടിശ്ശിക : 235.26 കോടി.

**മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന നികുതി : 1106.09 കോടി.

**റവന്യൂ വകുപ്പ്**

| നികുതി ഇനം | പിരിക്കാവുന്ന മുതലിൽ പിരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | വിവിധ സ്റ്റേ ഇനങ്ങളിലായി ഉൾപ്പെട്ടിട്ടുള്ള തുക |
|---|---|---|
| അടിസ്ഥാന ഭൂനികുതി (BT) | 3.68 കോടി | 1.17 കോടി |
| ലാന്റ് റവന്യൂ അദർദാൻ ബേസിക് ടാക്സ് (LROBT) | 19.17 കോടി | 64.93 കോടി |
| ബിൽഡിംഗ് ടാക്സ് | 6.34 കോടി | 20.50 കോടി |
| പ്ലാന്റേഷൻ ടാക്സ് | 0.88 കോടി | 2.78 കോടി |
| ഇറിഗേഷൻ ടാക്സ് | 0.37 കോടി | 0.03 കോടി |
| ലക്ഷ്വറി ടാക്സ് | 6.41 കോടി | 0.52 കോടി |
| **ആകെ** | **36.85 കോടി** | **89.93 കോടി** |

സെക്ഷൻ ഓഫീസർ.